പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3804**

20.10.2016-ൽ മറുപടിക്ക്

## ഭവനരഹിതരും ഭൂരഹിതരുമായവർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബി. ഗണേഷ് കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായവരുടെ ആകെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും | 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്. |
| (ബി) | ഭവനരഹിതരായവരിൽ എത്രപേർ ഭൂരഹിതരാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഭവനരഹിതരും ഭൂരഹിതരുമായവർക്ക് അവ ലഭ്യമാക്കാനുള്ള എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഭൂരഹിതർക്കും ഭവനരഹിതർക്കുമായി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. |

1. <u>എല്ലാവർക്കും വീട് പദ്ധതി</u>

ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ

231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്.

2. <u>സാഫല്യം ഭവന പദ്ധതി</u>

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന സാഫല്യം ഭവന പദ്ധതി ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

3. <u>2016-ലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച പുതിയ പദ്ധതി</u>

സാർവത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ച് നൽകുന്നതിന് ഒരു പദ്ധതി സമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഭവനനിർമ്മാണത്തിനായി ആനുകൂല്യം ലഭിച്ചവർ തുക മതിയാകാതെവന്ന് ഇപ്പോഴും ഭവനരഹിതരായി കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവർക്കായി എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ 'സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി' നടപ്പാക്കാനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ